ഡയഗ്നോസിസ്, കമ്മ്യൂണിറ്റി മെഡിസിൻ, ടി.ബി. ആന്റ് റെസ്പിറേറ്ററി മെഡിസിൻ, അനാട്ടമി, ഇ.എൻ.ടി. ജനറൽ സർജറി, ഓഫ്താൽമോളജി, ഓർത്തോപീഡിക്സ് എന്നീ പി. ജി. ഡിഗ്രി കോഴ്സുകളും ഇതുപോലുള്ള 14 വിഷയങ്ങളിൽ പി.ജി.ഡിപ്ലോമ കോഴ്സുകളുമാണ് നടത്തുന്നത്.

(സി) നടത്തുന്നില്ല.

(ഡി) നിലവിലുള്ള പല കോഴ്സുകൾ നടത്തുന്നതിനുള്ള അദ്ധ്യാപകരുടെ പരിഹരിച്ചിട്ടു മാത്രമേ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി

16 (*166) ശ്രീ. പി. നാരായണൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പരിരക്ഷകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എപ്പോൾമുതൽ ലഭിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്കവിധമുള്ള പദ്ധതിയാണ്. ശരാശരി അഞ്ച് അംഗങ്ങളുള്ള കുടുംബത്തിന് പ്രതിവർഷം 20,000 രൂപ ആശുപത്രിയിലെ ചികിത്സാ ചെലവായി ലഭിക്കും. മരുന്നിന്റെ വില ഇൻഷ്വറൻസ് കമ്പനി സർക്കാരാശുപത്രിയിലെ മരുന്നു സ്റ്റോറുകൾക്ക് നേരിട്ടു നൽകുന്നു. രോഗ പരിശോധനയ്ക്ക് സർക്കാർ ആശുപത്രിയിലെ ലബോറട്ടറിയിൽ ചെലവാകുന്ന തുക സർക്കാർ അംഗീകരിച്ച നിരക്കിൽ രോഗിക്ക് തിരിച്ചു നൽകും മരുന്നും രോഗപരിശോധനയും ആശുപത്രിക്ക് പുറത്തുനിന്നാണ് സ്വീകരിക്കുന്നതെങ്കിൽ ഇൻഷ്വറൻസ് കമ്പനി നേരിട്ട് ആ തുക അതത് സ്ഥാപനങ്ങൾക്ക് നൽകും ഗുരുതരമായ പരിക്കോ, അസുഖമോ പ്രസവസംബന്ധമായ അസുഖമോ മൂലം വിദഗ്ദ്ധ ചികിത്സക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള യാത്രാചെലവ് പരമാവധി 500 രൂപ വരെ നൽകുന്നതാണ്. രോഗി ആശുപത്രിയിൽ എത്തിയശേഷം രോഗിയെ കൊണ്ടുവരുന്നയാളിന് ഈ തുക നൽകുന്നതാണ്. മൃതദേഹം കൊണ്ടു പോകുന്നതിന് പരമാവധി 1000 രൂപ വരെ യാത്രാചെലവ് നൽകുന്നതാണ്. തീരാവ്യാധി പിടിപെട്ട് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനം ലഭിക്കുന്നു. സർക്കാർ ആശുപത്രിയിലോ സർക്കാർ നിശ്ചയിക്കുന്ന സഹകാര്യ ആശുപത്രിയിലോ വച്ച് ശസ്ത്രക്രിയയിലൂടെയുള്ള പ്രസവങ്ങൾക്ക് പദ്ധതി പ്രയോജനം ചെയ്യുന്നു. കൂട്ടു കുടുംബങ്ങളിലാണെങ്കിൽ മാതാപിതാക്കളെ കൂടാതെ പേരക്കുട്ടികൾക്കും ഈ പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കും.

(സി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്തു വരികയാണ്.

കുമരകം ബോട്ടപകടത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്

17 (*167) ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
• ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 29 പേരുടെ മരണത്തിനിടയാക്കിയ കുമരകം ബോട്ടപകടത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചത് ;

(സി) റിപ്പോർട്ടിന്മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ബോട്ടപകടത്തിനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കമ്മീഷൻ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ജി) കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) 30-4-2003-ൽ.

(സി-ഇ) റിപ്പോർട്ട് സർക്കാർ പഠിച്ചു വരുകയാണ്.

(എഫ്) തീരുമാനമായിട്ടില്ല.

(ജി) റിപ്പോർട്ട് പഠിച്ചശേഷം നടപടിക്കുറിപ്പുമായി മേശപ്പുറത്തു വയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly